പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1405 30.01.2018 ൽ മറുപടിയ്ക്ക്

## കാസർഗോഡ് പെരിയയിലെ ചെങ്ങറ കുടുംബങ്ങളുടെ പുനരധിവാസം

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ

മറുപടി
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | ചെങ്ങറ കുടുംബങ്ങളെ കാസർഗോഡ് പെരിയയിൽ പുനരധിവസിപ്പിക്കുമ്പോൾ എന്തൊക്കെ സൗകര്യങ്ങൾ നൽകാമെന്നാണ് വാഗ്ദാനം നൽകിയിരുന്നത്; | (എ) വീട്, അടിസ്ഥാന സൗകര്യ വികസനം, കാർഷിക ജീവസന്ധാരണ മാർഗ്ഗങ്ങൾ എന്നിവ വാഗ്ദാനം ചെയ്തിരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ആയതൊക്കെ നടപ്പിലാക്കിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) പെരിയ കെ.ആർ.നാരായണൻ വില്ലേജ് ഇൻ ഹാബിറ്റൻസ് സൊസൈറ്റി രൂപീകരിച്ച് 2011 മുതൽ തുടർ പ്രവർത്തനങ്ങളായി ചെയ്തുവരുന്നു. |
| (സി) | പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് തൊഴിൽ നൽകി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് പേപ്പർ കപ്പ്, പ്ലേറ്റ് നിർമ്മാണം, കാർപ്പന്ററി മേഖലകളിൽ തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്, മെഴുകുതിരി നിർമ്മാണം, കുട നിർമ്മാണം, തുന്നൽ എന്നീ മേഖലകളിൽ തൊഴിൽ നൽകുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ